## പതിനാലാം കേരള നിയമസഭ
## 22-ാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.472
### 13/01/2021-ലെ മറുപടിക്ക്

### സി.ആന്റ്എ.ജി റിപ്പോർട്ട് പരസ്യപ്പെടുത്തിയ നടപടി

| | ചോദ്യം<br><br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. വി.എസ്. ശിവകുമാർ | ഉത്തരം<br><br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|
| (എ) | സി & ആന്റ് എ.ജിയുടെ 2018-19 ലെ ഫൈനാൻസ് അക്കൗണ്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സി.ആന്റ് എ.ജി. ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ ; | നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ധനകാര്യ (പി.എ.സി-ബി) വകുപ്പിൽ ലഭ്യമായത് 19/11/2020 തീയതിയിലാണ്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് ഭരണഘടന അനുശാസിക്കുന്ന പ്രകാരം ഗവർണർക്ക് അയച്ചു കൊടുത്ത് നിയമസഭാ മുമ്പാകെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനു പകരം ധനകാര്യമന്ത്രി പത്രസമ്മേളനം വിളിച്ച് അതിലെ ഉള്ളടക്കം പരസ്യപ്പെടുത്തിയിട്ടുണ്ടോ ; | രാജ്യത്ത് നിലവിലുള്ള Audit Regulations – ന് തീർത്തും വിരുദ്ധമായി സർക്കാരിനെ കേൾക്കാതെയും കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്താതെയും നടത്തിയ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പരാമർശങ്ങൾ ഉത്തമബോധ്യത്തോടെയും സംസ്ഥാന താത്പര്യം പരിഗണിച്ചും ആണ് പറഞ്ഞിട്ടുള്ളത്. ആയത് സംബന്ധിച്ച് വന്നിട്ടുള്ള അവകാശ ലംഘന പ്രശ്നത്തിൽ വിശദമായ മറുപടി പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റിക്ക് നൽകിയിട്ടുള്ളതാണ്. |
| (സി) | ധനകാര്യമന്ത്രിയുടെ ഈ അസാധാരണമായ നടപടി ഏത് സാഹചര്യത്തിലാണ് ഉണ്ടായത് ; വിശദമാക്കുമോ ; | |
| (ഡി) | സി.ആന്റ്എ.ജി. റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് മുമ്പ് മന്ത്രി തന്നെ പരസ്യപ്പെടുത്തിയ നടപടിയിലൂടെ ഏതൊക്കെ നടപടി ക്രമങ്ങളാണ് ലംഘിക്കപ്പെട്ടത് ; വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ